# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1605** **21.03.2012 ൽ മറുപടിയ്ക്ക്.**

## കൃഷിഭവനുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ. കെ.അച്ചുതൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന വിശദീകരിക്കുമോ; | (എ) കൃഷി ഭവൻ മുഖേന കർഷകർക്കുള്ള സാമ്പത്തിക സഹായം കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. കർഷകർക്ക് നിശ്ചിത വരുമാനം ഉറപ്പാക്കുന്നതിന് മിനിമം ഇൻകം ഗ്യാരണ്ടി സ്കീമും, ഇന്റർനെറ്റ് കണക്റ്റിവിറ്റിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ബ്ലോക്ക് തലത്തിലുള്ള ഫാർമേഴ്സ് അഡ്വൈസറി കമ്മിറ്റികളും കാർഷിക വികസന സമിതികളും പുന:സംഘടിപ്പിച്ചിട്ടുണ്ട്. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി "ലീഡ്സ്" എന്ന നൂതന പദ്ധതി കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. "ആത്മ പദ്ധതി" കൂടുതൽ കാര്യക്ഷമതയോടെ വിജ്ഞാനവ്യാപനത്തിനായി പ്രവർത്തിച്ചു വരുന്നു. ഇതിനായി ബ്ലോക്ക് ജില്ലാ തലത്തിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |
| (ബി) കൃഷിഭവനുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) കൃഷിഭവനുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് ആദ്യ പടിയായി, കൃഷി ഭവനുകളിൽ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഇതു കൊണ്ടുള്ള നേട്ടങ്ങൾ (സി) എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ? | കൃഷിവകുപ്പിന്റെ സേവനങ്ങൾ, കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ സംബന്ധിച്ച് വിവരങ്ങൾ വളരെ വേഗത്തിലും സുതാര്യമായും ചെലവ് കുറഞ്ഞ രീതിയിലും കർഷകന് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. വിവിധ പദ്ധതികൾക്കുള്ള അപേക്ഷകൾ കർഷകന് നേരിട്ട് ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതും വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് സ്ഥിതി വിവരങ്ങൾ കർഷകന് നേരിട്ട് പരിശോധിക്കാവുന്നതുമാണ്. കർഷകർക്കുള്ള സബ്സിഡികൾ കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിന് ഓൺലൈൻ സംവിധാനം മുഖേന സാദ്ധ്യമാവുന്നതാണ്. |

സെക്ഷൻ ഓഫീസർ